എം.എസ്.എസ്. പ്രവർത്തകർക്കും ലഭിച്ചിട്ടില്ലെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാമെഡിക്കൽ ഓഫീസർമാരിൽനിന്നും ആരോഗ്യ ഡയറക്ടറിൽനിന്നും വീണ്ടും റിപ്പോർട്ട് ആവശ്യപ്പെടുകയും റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുപ്രകാരം ഇനിയും 30,492 പേർകൂടി എം.എസ്.എസ്. പ്രവർത്തകരായിട്ടുണ്ട്. അവർക്ക് ഉൽസവബത്ത നൽകുന്നതിന് 60,98,400 രൂപ വേണ്ടിവരും. അത് സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെയേറെ പരിഗണനയർഹിക്കുന്ന ഒരു വിഭാഗമാണ് ഇവർ. ഇവർക്ക് പ്രതിമാസം 500 രൂപ കൊടുക്കണമെന്നുള്ളതാണ് മെമ്പറുടെ നിർദ്ദേശം. ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായിട്ടുള്ള സാഹചര്യത്തിൽ ഇത് പെട്ടെന്ന് പരിഹരിക്കാൻ കഴിയില്ല. ഏതായാലും അത് ഗൗരവമായി പരിശോധിക്കുന്നതാണ്.

(13) സംസ്ഥാന സ്കൂൾ കായികമേളയിൽ വിവിധസ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് നൽകിവരുന്ന ക്യാഷ് അവാർഡ് വർദ്ധിപ്പിച്ചു നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ജെ. പൗലോസ്: സർ, ദേശീയ തലത്തിൽ കായിക പ്രതിഭകളെ സംഭാവന ചെയ്യുന്നതിൽ നമ്മുടെ സംസ്ഥാനം വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് വളരെ വലുതാണെന്നുള്ളകാര്യം നമുക്കെല്ലാപേർക്കും അറിയാം. കായികപരിശീലനം കൊടുക്കുന്നതിനും സംസ്ഥാനാടിസ്ഥാനത്തിലുള്ള മൽസരങ്ങളിൽ കുട്ടികളെ വിജയികളാക്കുന്നതിനും നമ്മുടെ സ്കൂളുകൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് വളരെ വലുതാണ്. മെച്ചപ്പെട്ട പല സൗജന്യങ്ങളും അവർക്ക് കൊടുക്കുന്നുണ്ട്. സൗജന്യ താമസസൗകര്യം, നല്ല വിദ്യാഭ്യാസം, നല്ല ഭക്ഷണം, നല്ല മരുന്ന്, നല്ല പരിശീലനം ഇതെല്ലാം കൊടുത്ത് അവരെ മൽസരങ്ങളിൽ പങ്കെടുപ്പിക്കാൻവേണ്ടി പ്രാപ്തരാക്കി അവരെ സമ്മാനാർഹരാക്കിക്കൊണ്ടാണ് പല സ്കൂളുകളും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നത്. കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള മൽസരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ വാങ്ങിയത് കോതമംഗലത്തെ രണ്ട് സ്കൂളുകളാണ്. ഒന്ന് സെന്റ് ജോർജ്ജ് ഹൈസ്കൂൾ, രണ്ട് മാർഗ്രിഗോറിയസ് ഹൈസ്കൂൾ. ആ സ്കൂളുകൾ, ശരാശരി പത്ത് ലക്ഷത്തോളം രൂപ, മാനേജുമെന്റുകളിൽനിന്നും നാട്ടുകാരിൽനിന്നുമൊക്കെ പിരിച്ചെടുത്ത കാശുകൊണ്ടാണ് സ്പോർട്സിന് പ്രാമുഖ്യം കൊടുത്ത് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. നമുക്ക് സ്കൂളുകളെ മറ്റ് തരത്തിൽ സഹായിക്കാൻ കഴിയില്ലെന്നറിയാം. പക്ഷേ, ഇതിനുള്ള ഉത്തരവാദിത്വവും ചെലവുമെല്ലാം വഹിച്ച് നമ്മുടെ സംസ്ഥാനത്തുള്ള കായികതാരങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിച്ച് പരിശീലനം കൊടുത്ത് അവരെ മൽസര രംഗത്തേക്ക് കൊണ്ടുവന്ന് വിജയിപ്പിക്കുകയും ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കുകയും ചെയ്യുന്ന സ്കൂളുകൾക്ക്, കൂടുതൽ പോയിന്റ് വാങ്ങുന്നവർക്ക് ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും രണ്ടാം സ്ഥാനത്തിന് 75,000 രൂപയും മൂന്നാം സ്ഥാനത്തിന് 50,000 രൂപയുമാണ് സർക്കാരിൽനിന്നും പ്രോൽസാഹനമായി കൊടുത്തുകൊണ്ടിരിക്കുന്നത്. അവർ ഈ കാര്യത്തിൽ വഹിക്കുന്ന ചെലവുകളെല്ലാം പരിഗണിച്ചുകൊണ്ട് ഒന്നാം സ്ഥാനത്തിന് അഞ്ച് ലക്ഷം രൂപയും രണ്ടാംസ്ഥാനത്തിന് മൂന്ന് ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് രണ്ട് ലക്ഷം രൂപയും പ്രോൽസാഹന സമ്മാനമായി കൊടുക്കുകയാണെങ്കിൽ അവർക്ക് ഇത് പ്രാവർത്തികമാക്കുന്നതിന്റെ ആത്മാർത്ഥതയ്ക്കുള്ള ഒരു അംഗീകാരവും ഇതിൽ പങ്കെടുത്ത് സമ്മാനാർഹരാകുന്നവർക്ക് ആശ്വാസകരവുമായിത്തീരുന്നത് പരിഗണിച്ചുകൊണ്ടുള്ള നടപടിയുമുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സ്പോർട്സ് മേഖലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന സ്കൂളുകൾക്ക് ശ്രീ. വി. ജെ. പൗലോസ് പറഞ്ഞതുപോലെ ഒരു ലക്ഷം രൂപ, 75,000 രൂപ, 50,000 രൂപ എന്ന നിലയിലാണ് നൽകിവരുന്നത്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാൻവേണ്ടി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് യഥാക്രമം 600 രൂപയും, 500 രൂപയും, 400 രൂപയും കൊടുക്കുന്നുണ്ട്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ആ സംഖ്യ മതിയാകുമെന്നുള്ള നിലയിലാണ് ഇത് വച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞതുപോലെ ഈ സംഖ്യ വർദ്ധിപ്പിക്കുന്ന സമയത്ത് സ്കൂളുകൾ തമ്മിൽ അനാരോഗ്യകരമായ ഒരു മൽസരം വളർന്നുവരുമെന്നുള്ളതാണ്. ഇതിന്റെ സംഖ്യ കാലാനുസൃതമായി ചെറിയ തോതിൽ വർദ്ധിപ്പിക്കുന്നകാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(14) കേരളത്തിന്റെ ഭൂമിയിൽ തമിഴ്നാട് നടത്തുന്ന അനധികൃത സർവ്വേ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, വളരെ ഗൗരവതരമായിട്ടുള്ള ഒരു വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിന്റെ ഭൂമി തമിഴ്നാട് അനധികൃതമായി കൈയേറുന്നുവെന്നുള്ള നിരവധി റിപ്പോർട്ടുകൾ പല സമയത്തായി വന്നിട്ടുണ്ട്. ജലസേചന പദ്ധതിക്കുവേണ്ടി സർവ്വേ നടക്കുന്നു. അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതിയുടെ പേരിൽ അച്ചൻകോവിൽ വനാതിർത്തിയിൽ കേരളത്തിന്റെ ഭൂമിയിൽ സർവ്വേ നടക്കുന്നുയെന്ന റിപ്പോർട്ട് അക്കാലത്ത് വരുകയുണ്ടായി. അതുപോലെ ചില സ്ഥലങ്ങളിൽ അവരുടെ സ്ഥലമാണെന്നുപറഞ്ഞ് തമിഴ്നാട് ബോർഡുകൾ സ്ഥാപിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ വരുകയുണ്ടായി. ഇപ്പോൾ രാമക്കൽമേടിൽ വിൻഡ് ഫാമിനുവേണ്ടി സ്വകാര്യ കമ്പനി അനധികൃത സർവ്വേ നടത്തിയെന്നുള്ള റിപ്പോർട്ടാണ് ഏറ്റവും ഒടുവിൽ വന്നിരിക്കുന്നത്. ജൂലൈ 25-ാം തീയതി തിങ്കളാഴ്ച മലയാള മനോരമ

LIBRARY ARCHIVES Kerala Legislative Assembly